ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09-12-2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ ഇന്ന് വിധിയെഴുത്ത്.

   **In Kerala, polling has begun for the first phase of local body elections. The first phase covers districts from Thiruvananthapuram to Ernakulam.**

2. തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിനുള്ള പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളിൽ വോട്ടെടുപ്പ് വ്യാഴാഴ്ച.

   **The election campaigning for the second phase of the local body polls will end today. Voting will take place on Thursday in the districts from Thrissur to Kasaragod.**

3. രാജ്യത്തെ എസ് ഐ ആർ പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ച ഇന്ന് ലോക്സഭയിൽ നടക്കും.

   **Lok Sabha will discuss the issue of Electoral Reforms today.**

4. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ രണ്ടാം ഘട്ടത്തിൻറെ ഭാഗമായി രാജ്യത്താകെ 50 കോടി 95 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. കേരളത്തിൽ ഫോമുകളുടെ ഡിജിറ്റൈസേഷൻ രണ്ട് കോടി 72 ലക്ഷം കവിഞ്ഞു.

**The Election Commission of India has said that enumeration form distribution reach 50 crore 95 lakhs as part of SIR second .In Kerala, the digitization of enumeration forms has crossed 2.72 crore.**

5. വ്യോമ സുരക്ഷയിൽ വിട്ടുവീഴ്ചയില്ലെന്ന് കേന്ദ്രമന്ത്രി റാംമോഹൻ നായിഡു. വിമാന സർവീസുകൾ ഉടൻ സാധാരണ നിലയിലാകുമെന്നും കേന്ദ്ര സർക്കാർ.

**Civil Aviation Minister K Rammohan Naidu said that there will be no compromise on air safety.**

6. ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന് കട്ടക്കിൽ.

**In Men's Cricket, a 5-match T 20 series between hosts India and South Africa is set to begin today.**

## ELECTION KERALA (INTRO)

കേരളത്തിൽ തദ്ദേശ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് ആരംഭിച്ചു. മിക്ക ബൂത്തുകളിലും രാവിലെ 6.30ന് മുൻപായി മോക്പോൾ പൂർത്തിയായി. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴു ജില്ലകളിലാണ് ആദ്യ ഘട്ട വോട്ടെടുപ്പ്. രണ്ടാം ഘട്ടം വ്യാഴാഴ്ചയും വോട്ടെണ്ണൽ 13 നും നടക്കും.

വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ

സ്മിതി എം പള്ളുരുത്തി.....

(വോയിസ്)

## VOTING IDENTIFICATION

വോട്ട് രേഖപ്പെടുത്താൻ എത്തുന്ന സമ്മതിദായകർ തിരിച്ചറിയൽ രേഖകൾ കൈയിൽ കരുതണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ തിരിച്ചറിയൽ കാർഡ്, തിരഞ്ഞെടുപ്പ്

കമ്മീഷൻറെ വോട്ടർ സ്ലിപ്പ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറു മാസക്കാലയളവിന് മുൻപ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക് എന്നിവയിൽ ഏതെങ്കിലും ഒരെണ്ണം തിരിച്ചറിയൽ രേഖയായി ഹാജരാക്കാം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ELECTION TRIVANDRUM ( INTRO)

തിരുവനന്തപുരം ജില്ലയിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ELECTION POSTPONED

മലപ്പുറം മൂത്തേടം ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡായ പായ്പ്പാടം, തിരുവനന്തപുരം കോർപറേഷനിലെ വിഴിഞ്ഞം വാർഡ് എന്നിവിടങ്ങളിലെ സ്ഥാനാർത്ഥിയുടെ മരണത്തെ തുടർന്ന് തിരഞ്ഞെടുപ്പ് മാറ്റിവെച്ചു. പുതിയ തീയതി നിശ്ചയിച്ചുള്ള വിജ്ഞാപനം ഇറക്കാൻ വരണാധികാരികൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഇനി തിരഞ്ഞെടുപ്പ് നടക്കുമ്പോൾ നിലവിലെ സ്ഥാനാർത്ഥികൾ വീണ്ടും നാമനിർദ്ദേശപത്രിക നൽകേണ്ടതില്ല.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## GREEN PROTOCOL BOOTH

കേരളത്തിലെ എല്ലാ പോളിങ് ബൂത്തുകളും ഹരിതചട്ടം പാലിക്കുന്നതിനു പുറമേ വിവിധ ജില്ലകളിലായി നിരവധി ബൂത്തുകൾ **'മാതൃക ഹരിത ബൂത്തുകൾ'** എന്ന നിലയിലും സജ്ജമാക്കിയിട്ടുണ്ട്. 814 പോളിംഗ് ബൂത്തുകൾ മാതൃക ഹരിത ബൂത്തുകളാണ്. ഏറ്റവും കൂടുതൽ മാതൃകാ ഹരിതബുത്തുകളുള്ളത് എറണാകുളം ജില്ലയിലാണ്. ഓല, മുള, ഈറ്റ, പനമ്പ്, തഴപ്പായ തുടങ്ങിയ പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിച്ചാണ് മാതൃക ഹരിത ബൂത്തുകൾ അലങ്കരിച്ചിട്ടുള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ELECTION SPECIAL

വോട്ടെടുപ്പിന് പ്രത്യേക സജ്ജീകരണങ്ങളുമായി പിങ്ക് യങ് മാതൃകാ പോളിങ് സ്റ്റേഷനുകൾ. ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, രോഗികൾ, ഗർഭിണികൾ എന്നിവർക്കായാണ് ഈ പോളിങ് സ്റ്റേഷനുകൾ. മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങളാണ് ഇവിടെ ഒരുക്കുന്നത്. രോഗികൾ, ഗർഭിണികൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് ക്യൂവിൽ മുൻഗണന നൽകും. കന്നിവോട്ടർമാർക്ക് ബൂത്തുകളിൽ സ്വീകരണം ഒരുക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ERNAKULAM VOTING

എറണാകുളം ജില്ലയിൽ 7,374 സ്ഥാനാർത്ഥികളാണ് ഇത്തവണ ജനവിധി തേടുന്നത്. 26 ലക്ഷത്തി 67,746 വോട്ടർമാരാണ് ജില്ലയിലുള്ളത്. 3,021 പോളിംഗ് ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്. ജില്ലയിലുള്ള 72 പ്രശ്നബാധിത ബുത്തുകളിൽ വെബ് കാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PATHANAMTHITTA SPECIAL

മലയോരമേഖലയായ പത്തനംതിട്ട ജില്ലയിലെ സീതത്തോട്, അരുവാപ്പുലം ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെട്ട ഗവി, ആവണിപാറ എന്നിവിടങ്ങളിൽ സമ്മതിദായകരിൽ ഏറെയും തമിഴ് വംശജരും ആദിവാസി വിഭാഗത്തിൽ നിന്നുള്ളവരുമാണ്. ഗവിയിലെ മൂന്നാം നമ്പർ നിയോജകമണ്ഡലവും മലയാലപ്പുഴയിലെ പുതുക്കുളം,തോട്ടം എന്നീ നിയോജകമണ്ഡലങ്ങളിലായി ബാലറ്റ് പേപ്പറിൽ മലയാളത്തിനൊപ്പം തമിഴ് ഭാഷയിലും വിവരങ്ങൾ പ്രിൻ്റ് ചെയ്തിട്ടുണ്ട്.

## VOTING DAY HOLIDAY

തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ സംസ്ഥാന സർക്കാർ - അർദ്ധ സർക്കാർ/ സ്വകാര്യ, വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ ഓഫീസുകളിലെ വോട്ടർമാരായ ജീവനക്കാർക്ക് അവധി ബാധകമല്ലെങ്കിലും ഭരണ സേവന മാനദണ്ഡങ്ങൾക്ക് വിധേയമായി വോട്ട് ചെയ്യാൻ അനുമതി ലഭിക്കും.

## SPECIAL BULLETIN

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകൾ ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം പ്രക്ഷേപണം ചെയ്യും. ഇന്ന് രാവിലെ 9.55, വൈകിട്ട് 3.30, 4.30 എന്നീ സമയങ്ങളിൽ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റുകളിലൂടെ വോട്ടെടുപ്പിന്റെ തത്സമയ വിവരങ്ങൾ ശ്രോതാക്കളിൽ എത്തിക്കും.

## SECOND PHASE CAMPAINING

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടത്തിനുള്ള പരസ്യപ്രചാരണം ഇന്ന് വൈകിട്ട്

ആറു മണിക്ക് അവസാനിക്കും. കലാശക്കൊട്ട് ഉൾപ്പെടെയുള്ള പരിപാടികൾ സമാധാനപരമായിരിക്കണമെന്ന് ജില്ലാ കളക്ടർമാർ നിർദേശം നൽകി. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിൽ വ്യാഴാഴ്ചയാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## SIR

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൻറെ രണ്ടാം ഘട്ടത്തിൻറെ ഭാഗമായി രാജ്യത്താകെ 50 കോടി 95 ലക്ഷം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. ഇതോടെ 99.95 ശതമാനം വോട്ടർമാർക്ക് ഫോം ലഭ്യമാക്കി. 50 കോടിയോളം ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായും കമ്മിഷൻ വ്യക്തമാക്കി. കേരളത്തിൽ ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 2 കോടി 72 ലക്ഷത്തി 22, 745 ആയി ഉയർന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PREZ-HANDICRAFTS AWARDS

കരകൗശല മേഖലയിലെ മികവിനുള്ള പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ 2023, 24 വർഷങ്ങളിലെ അവാർഡുകളാണ് നൽകുന്നത്. ഇന്ത്യയുടെ സമ്പന്നവും വൈവിധ്യപൂർണവുമായ കരകൗശല പാരമ്പര്യം സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയുടെ

തെളിവാണ് ഈ പുരസ്കാരങ്ങളെന്ന് കേന്ദ്രമന്ത്രി ഗിരിരാജ് സിംഗ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT

തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ച ഇന്ന് ലോക്സഭയിൽ നടക്കും. രാജ്യസഭയിൽ ഇന്ന് വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. അതെസമയം, ആരോഗ്യ സുരക്ഷ ദേശീയ

സുരക്ഷാ സെസ് ബിൽ പാർലമെന്റ് ഇന്നലെ പാസാക്കിയിരുന്നു. പാൻമസാല പോലുള്ള ഉൽപ്പന്നങ്ങളുടെ മേൽ സെസ് ചുമത്താനും അതിൽ നിന്നുള്ള വരുമാനം പൊതുജനാരോഗ്യത്തിനും ദേശീയ സുരക്ഷയ്ക്കുമായി

ചെലവഴിക്കാനും ഉദ്ദേശിച്ചുള്ളതാണ് ബിൽ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## PM- VANDE MATARAM (INTRO)

എല്ലാ പ്രശ്നങ്ങളേയും അതിജീവിക്കാനുള്ള ശക്തി ഇന്ത്യയ്ക്കുണ്ടെന്നും വന്ദേമാതരം അതിനുള്ള ശക്തിയും പ്രചോദനവും നൽകുന്നതായും പ്രധാനമന്ത്രി നരേന്ദ്ര മോദി. വന്ദേമാതരത്തെ കുറിച്ചുള്ള ചർച്ചയ്ക്ക് ഇന്നലെ ലോക്സഭയിൽ തുടക്കമിട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## RS- NAIDU AVIATION CRISIS

വ്യോമ സുരക്ഷ, സർക്കാരിന്റെ മുന്തിയ പരിഗണനയായതിനാൽ അതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്ന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി കെ. റാംമോഹൻ നായിഡു രാജ്യസഭയെ അറിയിച്ചു. ഇൻഡിഗോ വിമാനങ്ങൾ റദ്ദാക്കുന്നതിലേക്ക് നയിച്ച സാഹചര്യവുമായി ബന്ധപ്പെട്ട് സർക്കാർ അന്വേഷണം നടത്തുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. അതെസമയം, വിമാന സർവീസുകൾ ഉടൻ സാധാരണ നിലയിലാകുമെന്ന് സിവിൽ ഏവിയേഷൻ സെക്രട്ടറി സമീർ കുമാർ സിൻഹ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## INDIA -SOUTH AFRICA T20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ടി-20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. കട്ടക്കിലെ ബാരാബതി സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് മത്സരം. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണ് ഉള്ളത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MENS HOCKEY - IND VS SA

ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിൽ നടന്ന ഇന്ത്യ ദക്ഷിണാഫ്രിക്ക പുരുഷ ഹോക്കി ടെസ്റ്റ് പരമ്പരയിലെ രണ്ടാം മത്സരം സമനിലയിൽ കലാശിച്ചു. ഇരു ടീമുകളും രണ്ട് ഗോളുകൾ വീതം നേടിയാണ് മത്സരം സമനിലയിൽ എത്തിച്ചത്. ആദ്യ മത്സരം ഇന്ത്യ 5-2 ന് സ്വന്തമാക്കിയിരുന്നു. പരമ്പരയിലെ അവസാന മത്സരം നാളെ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## MEA- MEMORIAL LECTURE

വിദേശകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന അഞ്ചാമത് അടൽ ബിഹാരി വാജ്പെയ് സ്മാരക പ്രഭാഷണം ഇന്ന് ന്യൂഡൽഹിയിൽ

നടക്കും. സിംഗപൂർ പ്രധാനമന്ത്രിയുടെ മുതിർന്ന ഉപദേഷ്ടാവ് ടിയോ ചീ ഹീൻ മുഖ്യപ്രഭാഷണം നടത്തുമെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. മാറ്റങ്ങളുടെ ലോകത്തിൽ ദീർഘകാല പങ്കാളിത്തം എന്നതാണ് പ്രഭാഷണ വിഷയം.